നം.1178/ഇ2/2017/കെഎസ്എച്ച്ഒ 20/02/2021

# സർക്കുലർ

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) -സംസ്ഥാന-ജില്ലാ മിഷനുകളിലെ കരാർ ജീവനക്കാരുടെ നിയമനം - സേവനകാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്

കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷനുകളിൽ വാർഷിക കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും കരാർ കാലാവധി 31/03/2021 ന് അവസാനിക്കുന്നതുമായ ജീവനക്കാർക്ക് കരാർ പുതുക്കുവാൻ താൽപ്പര്യമുള്ള പക്ഷം അപേക്ഷയും ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശ സഹിതമുള്ള പെർഫോമൻസ് അപ്രൈസലും ചുവടെ ചേർക്കും പ്രകാരം **27/03/2021 നു മുമ്പ്** കുടുംബശ്രീ സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്.

- സംസ്ഥാന മിഷനിൽ നിന്നും നിയമനം നൽകിയിട്ടുള്ള ജില്ലാ മിഷനുകളിലെ അർബൻ പദ്ധതികളിൽ ഉൾപ്പെടെയുള്ള ജീവനക്കാർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ടിലെ ജീവനക്കാർ തുടങ്ങിയവർ പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശുപാർശ സഹിതം **എ.ഡി.എം.സിക്ക് 19/03/2021 നകം** സമർപ്പിക്കേണ്ടതാണ്.
- എ.ഡി.എം.സി.മാർ പ്രസ്തുത അപേക്ഷയും പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോമും ശുപാർശ ചെയ്ത് **23/03/2021 തീയതിക്കു മുമ്പ് ഡി.എം.സി.ക്ക്** സമർപ്പിക്കേണ്ടതാണ്.
- ഡി.എം.സി.മാരുടെ ശുപാർശ സഹിതമുള്ള പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോം **27/03/2021 ന് വൈകുന്നേരം 5.00 മണിക്കകം** സംസ്ഥാന മിഷനിൽ ലഭ്യമായിരിക്കേണ്ടതാണ്.
- പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പുവരുത്തി അർഹതയുടെ അടിസ്ഥാനത്തിൽ മാത്രം കാലാവധി ദീർഘിപ്പിക്കണമെന്ന് 25/06/2020 ലെ ഗവേണിംഗ് ബോഡി യോഗം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ ശുപാർശ ചെയ്യുമ്പോൾ യോഗ്യതയുടെ(വിദ്യാഭ്യാസ

യോഗ്യതയല്ല) അടിസ്ഥാനത്തിൽ മാത്രം ശുപാർശ ചെയ്യേണ്ടതും, കാരാർ കാലാവധി ദീർഘിപ്പിക്കേണ്ടതുമാണ്.

സംസ്ഥാനമിഷനിൽ കരാർ ജീവനക്കാർ 2020 ഒക്ടോബർ മാസം വരെയുള്ള അപേക്ഷയും പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോമും എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. 2020 നവംബർ മാസം തുടങ്ങിയുള്ള പെർഫോമൻസ് അപ്രൈസൽ 12/11/2020 ലെ 2431/ഇ2/2020/കെഎസ്എച്ച്ഒ നമ്പർ സർക്കുലർ പ്രകാരമാണ് സമർപ്പിക്കേണ്ടത്. പെർഫോമൻസ് അപ്രൈസൽ & റിവ്യൂ ഫോമിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

കൂടാതെ, കുടുംബശ്രീ ജില്ലാതലത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനമിഷന്റെ നിർദ്ദേശാനുസരണം ജില്ലാ മിഷനുകൾ മുഖാന്തിരം നിയമിതരായിട്ടുള്ള എസ്.റ്റി/എൽഡേർലി ആനിമേറ്റർമാർ, കോർഡിനേറ്റർമാർ, കമ്മ്യൂണിറ്റി ഓർഗനൈസർ തുടങ്ങിയ വിവിധ തസ്തികകളിലെ ജീവനക്കാരുടെ കരാർ കാലാവധി 2021 മാർച്ച് മാസത്തിൽ അവസാനിക്കുന്ന പക്ഷം ടി ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി, ടി ജീവനക്കാരിൽ നിന്നും കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയും, പെർഫോമൻസ് അപ്രൈസൽ ഫോമും സ്വീകരിച്ച് ഡി.എം.സി.മാർ കരാർ ദീർഘിപ്പിക്കൽ പ്രക്രിയ **31/03/2021 നകം** പൂർത്തിയാക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട്
4. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, എൻ.ആർ.ഒ.
5. സംസ്ഥാന മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക്
6. ജില്ലാ മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡി.എം.സി. മുഖേന)

*പകർപ്പ്*
വെബ്സൈറ്റ്
കരുതൽ / അധികം

ഉത്തരവിൻപ്രകാരം,

ഡയറക്ടർ (എ&എഫ്)